വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീല ഗോപാലൻ) :

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ സഹകരണ മേഖലയിൽ 14 ജില്ലാ മിനി ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംഘങ്ങളുടെ ഭരണ മേൽനോട്ടത്തിൽ 79 മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ സിഡ്കോയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള 36 മിനി എസ്റ്റേറ്റുകളും വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നു. (ഇവയുടെ പേരു വിവരം അനുബന്ധം 1, 2-ൽ* ചേർത്തിട്ടുണ്ട്.)

(ബി) ഏകദേശം 4251 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) തൊണ്ണൂറ് യൂണിറ്റുകൾ.

(ഡി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം പൂട്ടപ്പെട്ടിട്ടുള്ള യൂണിറ്റുകൾ പലതും പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ സാദ്ധ്യതയുള്ള യൂണിറ്റുകൾക്ക് സഹായം ലഭ്യമാക്കുന്നു. പുനരുദ്ധാരണ സാദ്ധ്യത ഇല്ലാത്തവ ഒഴിപ്പിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്നു.

(ഇ) ചെറുകിട വ്യവസായം ആരംഭിക്കാൻ ആവശ്യമായ നിലം, കെട്ടിടം, യന്ത്ര സാമഗ്രികൾ, വൈദ്യുതി, ജലം, റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയും അതുവഴി വ്യവസായ സംരംഭകരെ കണ്ടെത്തി വ്യവസായവൽക്കരണം പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പഞ്ചായത്തുതോറും ഓരോ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. കൂടാതെ ഗ്രാമീണ മേഖലയിൽ തൊഴിലവസരം വർദ്ധിപ്പിക്കുക എന്നതും ലക്ഷ്യത്തിന്റെ ഭാഗമാണ്.

(എഫ്) എഴുപത്തി അഞ്ച് ശതമാനത്തോളവും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിച്ചു വരുന്നു.

പഞ്ചമാസ സമ്പാദ്യ ആശ്വാസ പദ്ധതി

22 (*430) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി:
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളേയും ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും പഞ്ചമാസ സമ്പാദ്യ ആശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് ഇതിന് വേണ്ടിയുള്ള നിവേദനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ആവശ്യത്തിന്മേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പഞ്ചമാസ സമ്പാദ്യ ആശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളി സ്ത്രീകളെ ഉൾപ്പെടുത്തണമെന്ന് 23-11-1995-ലും ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണമെന്ന് 7-5-1997-ലും ആണ് ആവശ്യപ്പെട്ടു തുടങ്ങിയത്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം അറിവായിട്ടില്ല.

മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾക്ക് മത്സ്യഫെഡിൽ അഫിലിയേഷൻ

23 (*431) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾക്ക് മത്സ്യഫെഡിൽ അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റംവരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾക്ക് മത്സ്യഫെഡിൽ അഫിലിയേഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) അഫിലിയേഷൻ ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഫിഷറീസ് വകുപ്പിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കേരള സംസ്ഥാന സഹകരണസംഘം നിയമവും മത്സ്യഫെഡ് മേഖലയിലെ വ്യവസ്ഥകളും അനുസരിച്ചാണ് അഫിലിയേഷൻ നൽകുന്നത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly